TUESDAY 14.11.2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 14/11/2023

1. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകാലശാല വെള്ളാനിക്കര കാർഷിക കോളേജിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനു സഹായിക്കാൻ സ്ക്രൈബ് ആയി സേവനം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പരമാവധി യോഗ്യത പ്ലസ് ടു ആയിരിക്കണം. താല്പര്യമുള്ള വ്യക്തികൾ എസ്. എസ്. എൽ. സി., പ്ലസ് ടു, തിരിച്ചറിയൽ രേഖകൾ (ആധാർ കാർഡ്) സഹിതം ഇന്ന് (നവംബർ 14) രാവിലെ 10 മണിക്ക് വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നു അറിയിക്കുന്നു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടി

കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം" എന്ന വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 നവംബർ 25 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 2023 നവംബർ 24 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ (സ്മാർട്ട് ഫോൺ) ഫോണിന്റെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 25 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാല മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ളവർക്കായി തൊഴിൽ സാധ്യതയുള്ള വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നു. യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ വി. എച്ച്. എസ്. സി. ഹൈടെക്ക് ഡയറി ഫാമിങ്, ഹൈടെക്ക് പൗൾട്ടറി ഫാമിങ്, അഡ്വാൻസ്ഡ് ഗോട്ട് റയറിങ് ടെക്നിക്സ് എന്നീ ഒരു മാസം ദൈർഘ്യമുള്ള കോഴ്സുകളും അഡ്വാൻസസ്സ് ഇൻ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് മൂന്ന് മാസം ദൈർഘ്യമുള്ള, കോഴ്സുകളിലേക്കും പ്രവേശനം ആഗ്രഹിക്കുന്നവർ നവംബർ 25 നു മുൻപായി www.kau.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈമാസം 18ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്

പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വെച്ച് നവംബർ 17ന് **"പഴം പച്ചക്കറി സംസ്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 04952935850, 9188223584 നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി റജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം റജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമണ്ടയിരിക്കുന്നതാണ്.

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നവംബർ 18 ന് 'ഇറച്ചിക്കോഴിവളർത്തൽ' എന്ന വിഷയത്തിൽ കർഷകപരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ, 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 15, 16 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2501706/ 8113893159/ 884899756